**ഖുത്ബ**
**4.11.2006**
**ബയ്ത്തുൽഫുതൂഹ്, ലണ്ടൻ**

# വീടിനെ കൊച്ചുസ്വർഗ്ഗമാക്കുക,
# വലിയ നരകമാക്കരുത്

يٰٓاَيُّهَا النَّاسُ اتَّقُوْا رَبَّكُمُ الَّذِيْ خَلَقَكُمْ مِّنْ نَّفْسٍ
وَّاحِدَةٍ وَّخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيْرًا
وَّنِسَآءً ۚ وَاتَّقُوا اللّٰهَ الَّذِيْ تَسَآءَلُوْنَ بِهٖ وَالْاَرْحَامَ ۗ
اِنَّ اللّٰهَ كَانَ عَلَيْكُمْ رَقِيْبًا ﴿٢﴾

**ഈ**യിടെയായി കുടുംബവഴക്കുകളുടെ-ഭാര്യഭർതൃബന്ധങ്ങളിലുള്ള വഴക്കുകളുടെ പരാതികൾ വളരെയധികമായിരിക്കുകയാണ്. ചിലപ്പോൾ നിരർത്ഥകവും വെറുപ്പുണ്ടാക്കുന്നതുമായ കാര്യങ്ങൾ പരസ്പരം പഴിചാരുകയും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം ഇല്ലായിരുന്നെങ്കിൽ, 'ഉപദേശിക്കുക, ഉപദേശം ഫലം ചെയ്യും' എന്ന അല്ലാഹുവിന്റെ കല്പനയില്ലായിരുന്നെങ്കിൽ മനുഷ്യൻ നിരാശനായി കൊണ്ട്, എല്ലാ അതിരുകളും കവച്ചുവെച്ചവരും ആ പിണങ്ങിക്കഴിയുന്നവരുമായവരെ അവരുടെ പാട്ടിന് വിടാൻ തക്കവണ്ണമുള്ള അക്രമപരമായ നടപടികളാണ് പുരുഷന്മാരിൽനിന്ന് അല്ലെങ്കിൽ ശ്വശുരഗൃഹങ്ങളിൽനിന്ന് മുന്നിൽ വരുന്നത്. പക്ഷേ, ഉപദേശിക്കുക എന്ന അല്ലാഹുവിന്റെ കല്പനയനുസരിച്ച് നബി(സ) തിരുമേനിയുടെ വാഗ്ദത്തമസീഹിന്റെ ദാസത്വത്തിലും പ്രാതിനിധ്യത്തിലും ഉപദേശിച്ചുകൊണ്ടേ പോകാൻ ആഭിമുഖ്യമുണ്ടാകുന്നു. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിട്ടുള്ളവരിൽ തീർച്ചയായും മാന്യതയുടെ ഏതോ ഒരു ബീജം ഉണ്ടായിരുന്നതുകൊണ്ടാണ് ഈ നന്മയുടെ മൊട്ട് വിരിഞ്ഞത്. അതായത് അഹ്മദിയ്യത്ത് സ്വീകരിക്കാൻ കഴിഞ്ഞത്. അതിൽത്തന്നെ നിലനില്ക്കുകയുമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഏതൊരു ജോലിയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത്, അത് ചെയ്യാൻ പരിശ്രമിച്ചുകൊണ്ട്, അതായത് ഉപദേശിക്കുക, തീർച്ചയായും അല്ലാഹു ബർക്കത്ത് ചൊരിയും എന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിൽനിന്ന് ബർക്കത്തു ചൊരിഞ്ഞുകൊണ്ടുള്ള പെരുമാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഇന്ന് വീണ്ടും ഇതിനെ സംബന്ധിച്ച് കുറച്ച് മനസ്സിലാക്കിത്തരാൻ ഞാൻ ശ്രമിക്കുന്നതാണ്. അല്ലാഹു എന്റെ വാക്കുകൾക്ക് സ്വാധീനശക്തി നല്കുമാറാകട്ടെ. സ്വഭാവദൂഷ്യംകൊണ്ട് അലങ്കോലമായ വീട് സ്വർഗ്ഗത്തിലെ തൊട്ടിലായിത്തീരുമാറാകട്ടെ. കഴിഞ്ഞ ഖുത്ബകളിലും ഞാൻ ഈ ഭാഗത്തേക്ക് സൂചന നല്കിക്കൊണ്ട് ചില കാര്യങ്ങൾ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ, ഇന്ന് അല്പം വിശദീകരിച്ച് ഈ നിർബന്ധകടമ നിറവേറ്റാൻ ശ്രമിക്കുന്നതാണ്.

ഞാൻ പറഞ്ഞതുപോലെ ഈയിടെയായി കത്തുകളിലൂടെയോ ചിലർ പറയുന്നത് കേട്ടോ മനസ്സ് വല്ലാതെ വിഷമിച്ചുപോകുന്നു. നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രമാത്രം മഹത്തായതാണ്. നമ്മൾ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം അനാവശ്യകാര്യങ്ങളിൽപെട്ട് നമ്മുടെ വീടിന്റെ കൊച്ചുസ്വർഗ്ഗത്തെ നരകമാക്കിയും വ്യക്തിഗതമായ അഹങ്കാരത്തെ പ്രശ്നങ്ങളുടെ പർവ്വതമെന്ന് മനസ്സിലാക്കിയുംകൊണ്ട് ഭംഗം വരുത്തുന്നരീതിയിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ട് ഏതു കക്ഷിയാണോ തങ്ങളുടെ അഹങ്കാരത്തിന്റെ വലയിലേക്ക് തങ്ങളെത്തന്നേയും മറ്റു കക്ഷികളേയും നിസാമെ ജമാഅത്തിനേയും അവസാനം ചിലപ്പോൾ എന്നേയും വലിച്ചിഴക്കാൻ ശ്രമിക്കുന്നത് അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ഏതൊരു ഉദ്ദേശ്യസാഫല്യത്തിനായിട്ടാണോ അല്ലാഹു അയച്ചത് ആ ഉദ്ദേശ്യം അവർ മനസ്സിലാക്കുന്നവരായിത്തീരട്ടെ. അവിടന്ന് പറയുന്നു:

"ഏതൊരു പ്രവൃത്തി ചെയ്യുന്നതിനാണോ അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്, അത് അല്ലാഹുവിലും അവന്റെ സൃഷ്ടികളുടെ ബന്ധങ്ങളിലും ഉണ്ടായിട്ടുള്ള ശത്രുത അകറ്റി സ്നേഹത്തേയും ആത്മാർത്ഥതയേയും വീണ്ടും നിലനാട്ടുക എന്ന

താണ്." വീണ്ടും അവിടന്ന് പറയുന്നു: "നഷ്ടപ്പെട്ട ജനങ്ങളെ സഹനശീലവും സൽസ്വഭാവവും മൃദുസമീപനവുംകൊണ്ട് അല്ലാഹുവിലേക്കും അവന്റെ പരിശുദ്ധമായ സന്മാർഗ്ഗത്തിലേക്കും വലിച്ചടുപ്പിക്കാനും എനിക്ക് നല്കപ്പെട്ട പ്രകാശത്തിന്റെ വെളിച്ചത്താൽ ജനങ്ങളെ നേരായമാർഗ്ഗത്തിൽ നടത്താനുമാണ് എന്നെ അല്ലാഹു ലോകത്തേക്ക് അയച്ചിട്ടുള്ളത്. അല്ലാഹു ഉണ്ടെന്ന് ദൃഢബോധം ഉണ്ടാകുംവിധമുള്ള തെളിവുകൾ ലഭിക്കേണ്ട ആവശ്യം ഇന്ന് മനുഷ്യനുണ്ട്."

ഇത് വലിയ ഉദ്ദേശ്യമാണ്. ഇത് നിറവേറ്റാൻ ഒരഹ്മദി പരിശ്രമിക്കേണ്ടതാണ്. അതിലെപ്പോഴും വ്യാപൃതനായിരിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ പരിശുദ്ധപാഠമനുസരിച്ച് പ്രവർത്തിക്കാതിരിക്കുവോളം, ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കാൻ ഒരഹ്മദിയ്ക്കും സാധിക്കുകയില്ല. നമ്മുടെ വീടുകളിൽ മൃദുസമീപനവും ഉന്നതമായ സൽസ്വഭാവവും നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ, സർവ്വവും നഷ്ടപ്പെട്ട, വഴിതെറ്റിപ്പോയ ആളുകൾക്ക് നാം എന്തു വഴി കാണിക്കാനാണ്. എന്നല്ല, അങ്ങനെ വരുമ്പോൾ നാം സ്വയം ആ സർവ്വവും നഷ്ടപ്പെട്ടവരിൽപ്പെട്ടവരാണ്. നന്മയുടെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചവരാണ്. അതിൽ വിശുദ്ധഖുർആനിലെ പാഠങ്ങളിൽനിന്ന് വ്യതിചലിച്ചവരാണോ എന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. വീട്ടിലും പരിശോധന നടത്തേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിൽനിന്ന് അറിയാതെ അകന്നുപോയിട്ടുണ്ടോ എന്നും സ്വന്തം അഹങ്കാരത്തിന്റെ വലയിൽ കുടുങ്ങിപ്പോയിട്ടുണ്ടോ എന്നും നോക്കേണ്ടതാണ്. ആൺകുട്ടിയും പെൺകുട്ടിയും ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കേണ്ടിവരും. ഭാര്യയ്ക്കും ഭർത്താവിനും പരിശോധിക്കേണ്ടിവരും. ഇരുകൂട്ടരുടേയും ബന്ധുവീട്ടുകാർക്കും പരിശോധിക്കേണ്ടതായിവരും. കാരണം പരാതി ചിലപ്പോൾ ആൺകുട്ടിയിൽനിന്ന് വരുന്നു. ചിലപ്പോൾ പെൺകുട്ടിയിൽനിന്ന് വരുന്നു. ചിലപ്പോൾ ആൺകുട്ടിയുടെ ആൾക്കാർ അക്രമം ചെയ്യുന്നു. ചിലപ്പോൾ പെൺകുട്ടിയുടെ ആൾക്കാർ അക്രമം കാണിക്കുന്നു. പക്ഷേ, അധിക അക്രമവും ഉണ്ടാകുന്നത് ആൺകുട്ടിയുടെ ആളുകളിൽനിന്നാണ്. പരസ്പരമുള്ള ശണ്ഠകളെക്കുറിച്ചുള്ള പ്രശ്നങ്ങൾ അധികമായി ഉണ്ടാകുന്നുവെന്നും അതുകൊണ്ട് അതിനെക്കുറിച്ച് പരിശോധിക്കുക എന്നും കഴിഞ്ഞദിവസം ഞാൻ അമീർ സാഹിബിനോടു പറഞ്ഞു. ആൺകുട്ടികൾ എത്രത്തോളം കുറ്റക്കാരാണെന്നും പെൺകുട്ടികൾ എത്രത്തോളം കുറ്റക്കാരികളാണെന്നും ഇരുപക്ഷത്തുമുള്ള മാതാപിതാക്കൾ എത്രത്തോളം പ്രശ്നങ്ങൾ പെരുപ്പിക്കുന്നതിൽ ഉത്തരവാദികളാണെന്നും അന്വേഷിക്കാനാണ് ഞാൻ പറഞ്ഞത്. പരിശോധിച്ചതനുസരിച്ച് ഒരു കാര്യത്തിൽ പെൺകുട്ടി തെറ്റുകാരിയാണെങ്കിൽ, ഏകദേശം മൂന്നുകാര്യങ്ങളിൽ ആൺകുട്ടി തെറ്റുകാരനാണ്. അതായത്, ആൺകുട്ടിയുടെ അക്രമം കാരണത്താലാണ് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഏകദേശം 30,40 ശതമാനം പ്രശ്നങ്ങളുണ്ടാകുന്നത് ഇരുപക്ഷത്തുമുള്ള ബന്ധുക്കൾ മുഖേനയാണ്. ഇതിലും ഉത്തരവാദികളെ നോക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾ കുറവാണ്. ആൺകുട്ടിയുടെ മാതാപിതാക്കൾ തങ്ങളുടെ സ്വത്ത് കൈവശം വയ്ക്കുന്നതിനുവേണ്ടി, പെൺകുട്ടികൾ വെറുത്ത് സ്വന്തം വീട്ടിലേക്ക് പോകുംവിധമുള്ള കാര്യങ്ങൾ പറഞ്ഞുകളയുന്നു. ഇതും വളരെ മോശമായ രീതിയാണ്. സ്വന്തം മാതാപിതാക്കളെ സേവിക്കുക എന്നത് ആൺകുട്ടിയുടെ ജോലിയാണ്. പക്ഷേ, ഭാര്യയെ ഒപ്പം നിർത്തുകയും വേണം. അത്തരം അവസ്ഥ ഉണ്ടായാൽ, ഭാര്യമാർ പൊതുവെ ഭർത്താവിന്റെ മാതാപിതാക്കളെ നല്ലനിലയിൽ സേവിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ അത്തരം ഒരുപാട് ഉദാഹരണങ്ങളുണ്ട്. അതായത് അമ്മായിയമ്മ തന്റെ മരുമകളെ, തന്റെ കുട്ടികളേക്കാൾ അധികം വിശ്വസിക്കുന്നു. ജമാഅത്തിൽ നന്മയും സൽസ്വഭാവവും തീരെയില്ലാതെ അവസാനിച്ചുപോയി എന്നല്ല പറഞ്ഞത്. അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ. ജമാഅത്തിലെ ഭൂരിപക്ഷജനങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നന്മയിൽ നിലകൊള്ളുന്നവരാണ്. എന്നാൽ, ഒരു ചീത്തമാതൃകയാണെങ്കിൽപോലും അത് മുമ്പിൽ വരുമ്പോൾ പ്രയാസമുണ്ടാകുന്നു. ഇവിടെ ഞാൻ പരിശോധിച്ചതുപോലെ കാനഡയിലും അമേരിക്കയിലും യൂറോപ്യൻരാജ്യങ്ങളിലെ ജമാഅത്തുകളിലും പരിശോധിക്കുകയാണെങ്കിൽ അവിടെയും ഇതേ ചിത്രം തന്നെയായിരിക്കും മുന്നിൽ വരിക. അതിനാൽ, എല്ലായിടത്തും തർബിയ്യത്ത് വകുപ്പിന് എല്ലാ ലവലിലും,

അതായത്, ജമാഅത്തും ശാഖാ സംഘടനകളും പ്രവർത്തനനിരതമാകേണ്ടത് വളരെ അത്യാവശ്യമാണ്.

കുടുംബബന്ധങ്ങൾ നിലനിറുത്തുന്നതിനും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇസ്ലാം നമുക്കു എത്ര മനോഹരമായ പാഠമാണ് നല്കിയിട്ടുള്ളത്. എന്നിട്ടും തങ്ങളുടെ തലമുറകളുടെ നാശത്തിനുള്ള സാധനങ്ങൾ ഒരുക്കുന്നതു കാണുമ്പോൾ അത്ഭുതവും ദുഃഖവും തോന്നുന്നു. അല്ലാഹു കരുണചൊരിയുമാറാകട്ടെ.

ഇസ്ലാമികമായ നിക്കാഹിന്റെ വേളയിൽ അല്ലെങ്കിൽ പുരുഷനും സ്ത്രീയുമായ തങ്ങൾ ഇന്ന് അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഭാര്യാഭർതൃബന്ധത്തിൽ കോർക്കപ്പെടുന്നു എന്ന് വിളംബരം ചെയ്യുന്ന അവസരത്തിൽ പറയപ്പെടുന്ന ദൈവിക നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കാനും നിക്കാഹിന്റെ നേരത്ത് ഓതപ്പെടുന്ന ഖുർആനികവചനങ്ങളനുസരിച്ച് തങ്ങളുടെ ജീവിതത്തെ വാർത്തെടുക്കാനും ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. അവയിൽ ഒന്നാമത്തെ ഉപദേശം തഖ്വ അഥവാ ദൈവഭയത്തിൽ പദമൂന്നുക, ദൈവഭയം സ്വായത്തമാക്കുക എന്നതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് വിവാഹത്തിന് സമ്മതിക്കുകയും അത് സ്വീകരിക്കുകയും ചെയ്യുന്നത്. യഥാർത്ഥത്തിൽ നിങ്ങളുടെ ഉള്ളിൽ നിങ്ങളുടെ റബ്ബിനോട് – ജനനം മുതൽ, അല്ല അതിനേക്കാൾ മുമ്പു മുതൽ തന്നെ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ശ്രദ്ധിച്ചുപോരികയും പൂർത്തിയാക്കിത്തരികയും ചെയ്തുപോന്ന നിങ്ങളുടെ പ്രിയപ്പെട്ട റബ്ബിനോട് സ്നേഹവും പേടിയുമുണ്ടെങ്കിൽ നിങ്ങൾ അവനിഷ്ടപ്പെട്ട പ്രവൃത്തികളായിരിക്കും എന്നെന്നും ചെയ്യുക. അതിന്റെ ഫലമായി ആ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാകുകയും ചെയ്യും. ഭാര്യയും ഭർത്താവും ഒരു ഉടമ്പടിയിലൂടെ പരസ്പരം ബന്ധിതരായി. പരസ്പരം ശ്രദ്ധയോടെ ജീവിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. അപ്പോൾ നല്ലനിലയിൽ ജീവിക്കേണ്ടത് രണ്ടുപേരുടേയും നിർബന്ധ കടമയായിത്തീരുന്നു. അതിനെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പരസ്പരം അങ്ങോട്ടും ഇങ്ങോട്ടുമുള്ള ബന്ധുക്കളേയും ഓർമ്മിക്കേണ്ടതാണ്. സ്വയം അങ്ങോട്ടും ഇങ്ങോട്ടും ബഹുമാനിക്കുകയും, പരസ്പരമുള്ള വികാരങ്ങൾ മാനിക്കുകയും സ്നേഹിതന്മാരോടും ബന്ധുക്കളോടും ശ്രദ്ധയോടെ പെരുമാറുകയും അവരെ ആദരിക്കുകയും ചെയ്യുമ്പോൾ ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കാൻ വേണ്ടി അതിൽ ഊതുന്നവരുടെ ആക്രമണം എപ്പോഴും പരാജയപ്പെടുന്നതാണ്. കാരണം നിങ്ങളുടെ അടിത്തറ തഖ്വയിലാകുമ്പോൾ, തഖ്വയിലൂടെ നടക്കുന്നവരെ അല്ലാഹുതആല ആ സാത്താനിക ദുർബോധനകളിൽനിന്ന് രക്ഷിക്കുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റേയും ബന്ധം തഖ്വയിലൂടെ നടക്കുന്നതായിത്തീരുമ്പോൾ, എരിവുകേറ്റുന്നവർ എത്രമാത്രം അടുത്തവരാണെങ്കിലും, അവർക്ക് കിട്ടുന്ന മറുപടി എനിക്കെന്റെ ഭാര്യയെ അല്ലെങ്കിൽ ഭാര്യ പറയും എനിക്കെന്റെ ഭർത്താവിനെ നല്ലവണ്ണം അറിയാം, നിങ്ങൾക്കെന്നോട് തെറ്റുധാരണ ഉണ്ടായിരിക്കുന്നു ഇപ്പോൾതന്നെ പ്രശ്നം തീർക്കാം എന്നായിരിക്കും. ഒരു കക്ഷിയെ സംബന്ധിച്ച്, മറ്റേ കക്ഷിയ്ക്ക് വാർത്ത എത്തിച്ചുകൊടുക്കുന്ന വ്യക്തി സത്യവാനാണെങ്കിൽ നിന്റെ ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട് എന്റെ പേരുപറഞ്ഞ് ചോദിക്കരുതെന്ന് ഒരിക്കലും പറയുകയില്ല. നിങ്ങൾ ചോദിക്കാൻ വേണ്ടിയാണ് താൻ പറഞ്ഞതെന്നും പറയുകയില്ല. കാര്യം പറഞ്ഞിട്ട്, അത് പറയരുതെന്ന് പറയുന്നയാൾ ആരായാലും അവൻ സംബന്ധത്തിൽ വിള്ളലുണ്ടാക്കുന്നവനും അതിൽ അകൽച്ച ഉണ്ടാക്കുന്നവനും കളവ് പറയുന്നവനുമാണെന്നും മനസ്സിലാക്കിക്കൊള്ളുക. ആർക്കെങ്കിലും സഹതാപമുണ്ടെങ്കിൽ, നന്നാക്കിയെടുക്കുക എന്നതാണ് ഉദ്ദേശ്യമെങ്കിൽ ഭാര്യാഭർത്തൃബന്ധം കൂടുതൽ ശക്തിപ്പെടുംവിധമുള്ള കാര്യങ്ങളേ അവൻ പറയുകയുള്ളൂ.

അതുകൊണ്ട് പുരുഷന്മാരും സ്ത്രീകളും ഇരുകൂട്ടരും എപ്പോഴും തഖ്വയിലൂടെ പ്രവർത്തിക്കേണ്ടതാണെന്നും ബന്ധം ശക്തിപ്പെടുന്നതിനായി ദുആ ചെയ്യേണ്ടതാണെന്നും പരസ്പരമുള്ള ബന്ധുക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണെന്നുമുള്ള കാര്യം എപ്പോഴും മുന്നിൽ കാണേണ്ടതാണ്. എന്തെങ്കിലും കാര്യം കേട്ടാൽ, പറയുന്നയാൾ എത്ര അടുത്തവനാണെങ്കിലും ഭാര്യയും ഭർത്താവും പരസ്പരം ഇരുന്നുകൊണ്ട് സന്തോഷത്തോടും സ്നേഹത്തോടുംകൂടി അക്കാര്യത്തെ പരിഹരിക്കേണ്ടതാണ്; തെറ്റായ കാര്യങ്ങൾ പറയുന്നവന്റെ കള്ളി വെളിച്ചത്താകുന്നതിനുവേണ്ടി. അതെല്ലാം മനസ്സിൽ കൂട്ടിവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വെറുപ്പും,

അകൽച്ചയും ഉണ്ടാകുമെന്നല്ലാതെ, കുടുംബം തകരുമെന്നല്ലാതെ ഒന്നുംതന്നെ ലഭിക്കുകയില്ല. ദൈവഭയത്തോടെ നടക്കാത്തതുകൊണ്ട് ചിലപ്പോൾ മറ്റുള്ളവർ പറയുന്നതുകേട്ട്, അല്ലെങ്കിൽ പരിസരവാസികളുടെ സമ്മർദ്ദംകൊണ്ട് ചിലർ സ്വന്തം ഭാര്യയുടെ മേൽ വളരെ ഗുരുതരമായ ആക്ഷേപം ഉന്നയിക്കുന്നു. കാരണം അല്ലാഹുവിനെക്കുറിച്ചുള്ള ഭയം മനസ്സിലുണ്ടാകുകയില്ല. രണ്ടാം വിവാഹം കഴിക്കണമെന്ന താൽപര്യത്തിൽ- ചിലപ്പോൾ ചിലരുടെ മനസ്സിൽ ഇത്കൂടി കയറാറുണ്ട്- ഒരു കൂസലും കൂടാതെ ആദ്യഭാര്യയുടെമേൽ കുറ്റം ആരോപിക്കുന്നു. രണ്ടാം വിവാഹം കഴിക്കാൻ ആർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ, അനുവദനീയമായ ആവശ്യമാണെങ്കിൽ വിവാഹം കഴിച്ചോ. പക്ഷേ, പാവം ആദ്യഭാര്യയ്ക്ക് ദുഷ്പേരുണ്ടാക്കരുത്. ഇനി ജീവൻ വിട്ടുകിട്ടാനാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ, ഇത്തരം കാര്യങ്ങൾ പറയുമ്പോൾ സ്വയം ഖുല വാങ്ങി ഭാര്യ പൊയ്ക്കൊള്ളുമെന്നും, ഹഖ്മഹർ കൊടുക്കേണ്ടി വരികയില്ലെന്നുമൊക്കെയാണെങ്കിൽ അത് അങ്ങേയറ്റം തരംതാണ പണിയാണ്. ഒന്നാമത്തേത്, അത്തരം ഘട്ടത്തിൽ ഖുലയാണെങ്കിൽതന്നെ ഹഖ്മഹർ കൊടുക്കണമെന്ന് വിധി പറയാൻ ഖസായ്ക്ക് അവകാശമുണ്ട്. രണ്ടാമത്തേത്, ചെലവ് കൊടുക്കുക എന്ന ഇവിടത്തെ നിയമം പാലിക്കാനും അവർ ബാധ്യസ്ഥരാണ്.

ബന്ധം വേർപെടുമ്പോൾ ഭാര്യയുടെ പൈസ കൊണ്ട് വാങ്ങിയ വീടിന്റെ പകുതി ഓഹരി നിയമത്തിന്റെ സഹായത്താൽ ചിലർ ഇവിടെ മേടിച്ചെടുക്കാറുണ്ട്. അത് തന്റെ പേരിൽ ആക്കാറുണ്ട്. ഇവിടത്തെ നിയമത്തിന്റെ ദൃഷ്ടിയിൽ അവർ അതിന് അവകാശികളായിരിക്കാം. പക്ഷേ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ വ്യക്തമായ പാപമാണ് അവർ ചെയ്യുന്നത്. കുന്നുകണക്കിന് ധനം ഭാര്യയ്ക്ക് നല്കിയാലും അത് തിരിച്ചുവാങ്ങരുതെന്ന് അല്ലാഹു പറയുന്നു. പിന്നെങ്ങനെയാണ് ഭാര്യയുടെ ധനം പിടിച്ചെടുക്കാൻ കഴിയുന്നത്.

ചിലപ്പോൾ, തന്ത്രം മെനഞ്ഞു നടക്കുന്ന പുരുഷന്മാർ തന്റെ ഭാര്യ അനുസരണംകെട്ടവളാണെന്ന് ആക്ഷേപം പറഞ്ഞുനടക്കാറുണ്ട്. പറയുന്നതൊന്നും കേൾക്കുന്നില്ലത്രെ! തന്റെ മാതാപിതാക്കളെ ബഹുമാനിക്കുന്നില്ലെന്ന് മാത്രമല്ല, അവരെ ദ്രോഹിക്കുകയും ചെയ്യുന്നു! തന്റെ സഹോദരന്മാരോടും സഹോദരിമാരോടും വഴക്കിടുന്നു. കുട്ടികളെ തനിക്കെതിരിൽ ഇളക്കിവിടുന്നു. പരിസരവാസികളോട് തന്റെ വീട്ടിലെ കാര്യങ്ങൾ പറഞ്ഞ് തങ്ങൾക്ക് ദുഷ്പ്പേരുണ്ടാക്കുന്നു. ഇതൊക്കെയാണ് അത്തരക്കാരുടെ ആക്ഷേപം.

ഇതിനെ സംബന്ധിച്ച് വ്യക്തമായ കല്പനകളുണ്ട്. അല്ലാഹു പറയുന്നു: ***വല്ലാത്തീ തഖാഫൂന നുശൂസഹുന്ന ഫഇളൂഹുന്ന വഹ്ജുറൂഹുന്ന ഫിൽമളാജിയി വള്രിബൂഹുന്ന***. ഏത് സ്ത്രീകളിൽ നിന്ന് നിങ്ങൾ അനുസരണക്കേട് (ഉണ്ടാകുമെന്ന്) ഭയപ്പെടുന്നുവോ ആദ്യമായി അവരെ നിങ്ങൾ ഉപദേശിക്കുക. അത് ഫലിച്ചില്ലെങ്കിൽ ശയ്യാതലങ്ങളിൽ അവരെ വേർപ്പെടുത്തുക. എന്നിട്ടും അനുസരിക്കുന്നില്ലെങ്കിൽ അവശ്യം വന്നാൽ നിങ്ങൾ അവർക്ക് ശാരിരീകമായ ശിക്ഷ നല്കുക. (*4:35*)

അതായത്, ആദ്യത്തേത് കാര്യം മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്. മനസ്സിലാക്കാതെ തെറ്റിന്റെ പാരമ്യതയിൽതന്നെ നില്ക്കുകയാണെങ്കിൽ, പരിസരത്ത് ദുഷ്പ്പേര് ഒരുപാട് അധികമായിക്കൊണ്ടിരിക്കുകയാണെങ്കിൽ, ശാസിക്കാൻ അനുവാദമുണ്ട്. പക്ഷേ, അക്കാര്യത്തെ ഒരു മറയാക്കി ചെറിയ ചെറിയ കാര്യങ്ങളുടെ പേരിൽ ഭാര്യയുടെ മേൽ അക്രമം പ്രവർത്തിച്ചുകൊണ്ട് മുറിവേല്ക്കും വിധം അടിക്കാനുള്ള അനുവാദമില്ല. ഇത് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ്. നബി(സ) തിരുമേനിയുടെ ഈ ഹദീസ് എപ്പോഴും മുന്നിൽ വയ്ക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു, ഇനി ശിക്ഷ നല്കി നന്നാക്കേണ്ട ഘട്ടം വന്നെത്തിയാൽതന്നെ, ശരീരത്തിൽ പാടുവീഴാത്തവിധം മാത്രമേ ശിക്ഷിക്കാവൂ. അല്ലാതെ എന്റെ ശബ്ദത്തേക്കാൾ നീ ശബ്ദം ഉയർത്തിയതെന്തിന്? എന്തിനാണ് എനിക്കിങ്ങനെ റൊട്ടി ഉണ്ടാക്കിയത്? എന്റെ ബാപ്പയോടും ഉമ്മയോടും എന്തിനാണ് നീ ഇന്ന കാര്യം പറഞ്ഞത്? എന്തിന് അങ്ങനെ ചെയ്തുവെന്ന് പറഞ്ഞു?തുടങ്ങി ചെറിയ ചെറിയ കാര്യങ്ങൾക്ക് ഭാര്യയെ അടിക്കാൻ അനുവാദമില്ല.

അതുകൊണ്ട് അല്ലാഹുവിന്റെ കല്പനകളെ സ്വയേഷ്ടപ്രകാരം വാർത്തെടുക്കാൻ ശ്രമിക്കാതിരിക്കുക, അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു പറയുന്നു: അങ്ങേയറ്റം മോശമായ കാര്യം നിങ്ങളുടെ ഭാര്യ ചെയ്യുകയും അതിന് നിങ്ങൾക്ക് തീരുമാനമെടുക്കേണ്ടി വരികയും ചെയ്താൽ, നിങ്ങളുടെ മനസ്സിൽ

ഒരിക്കലും വിദ്വേഷമുണ്ടാകരുത്. അവർ നിങ്ങളെ പൂർണ്ണമായും അനുസരിക്കാൻ തുടങ്ങിയാൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യരുത്. ***ഫ ഇൻ അത്വ അ്നക്കും ഫലാ തബ്ഗൂ അലയ്ഹിന്ന സബീലാ ഇന്നല്ലാഹ കാന അലിയ്യൻ കബീറാ*** എന്നിട്ട് അവർ നിങ്ങളെ അനുസരിച്ച് കഴിഞ്ഞാൽ പിന്നെ അവരുടെ മേൽ അതിക്രമം പ്രവർത്തിക്കാൻ നിങ്ങൾക്കൊരവകാശവും ഇല്ല. തീർച്ചയായും അല്ലാഹു അത്യുന്നതനും മഹത്വമുള്ളവനുമാകുന്നു.(4:35)

നിങ്ങൾ അവരേക്കാൾ കൂടുതൽ പ്രബലരും ശക്തരുമായി മനസ്സിലാക്കുന്നുവെങ്കിൽ ഓർമ്മിച്ചുകൊള്ളുക. അല്ലാഹു നിങ്ങളേക്കാൾ ഒരുപാട് ശക്തനും പ്രബലനുമാണ്. നിങ്ങൾക്ക് സ്ത്രീകളുടെ മുമ്പിൽ എന്തെങ്കിലുമൊക്കെ വിലയും നിലയുമുണ്ടാകാം. എന്നല്ല, നിങ്ങൾ തമ്മിൽ തുല്യമായ വിലയും നിലയുമാണുള്ളത്. പക്ഷേ, അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾക്കൊരു വിലയുമില്ല. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുക. ഈ പ്രവർത്തനങ്ങളിൽനിന്നെല്ലാം സ്വയം പിന്മാറുക.

വിവാഹം കഴിയുന്നു, അതോടെ വെറുപ്പും തുടങ്ങുന്നു. എന്നല്ല, വിവാഹനേരത്തുതന്നെ വെറുപ്പുണ്ടാകാൻ തുടങ്ങി. എന്തിനാണ് ഇങ്ങനെ വിവാഹം നടത്തുന്നത്? ഈ രാജ്യങ്ങളിൽ ഇത്തരക്കാരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദികളും തങ്ങളിൽ മറ്റുള്ളവരുടെ നിറം പിടിപ്പിക്കുന്നു. വാസ്തവത്തിൽ അല്ലാഹു അഹ്മദികൾക്ക് സ്വന്തം ദീനിന്റെ നിറം പിടിപ്പിക്കുന്നതിനായിട്ടാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദീനിൽ പങ്കുചേരാൻ തൗഫീഖ് നൽകിയിട്ടുള്ളത്. വിവാഹം കഴിഞ്ഞാൽപിന്നെ ഒരുമിച്ച് ജീവിക്കുകയാണ് വേണ്ടത്. ഇഷ്ടത്തിനൊത്ത വിവാഹമല്ലെങ്കിൽത്തന്നെയും പരസ്പരം മനസ്സിലാക്കുകയും നിങ്ങളുടെ നിക്കാഹ് വേളയിൽ നിങ്ങൾ കേട്ട ആ ഉപദേശങ്ങളിൽ തഖ്വയിലൂടെ നടക്കുക എന്ന ഉപദേശത്തിൽ ചിന്തിക്കുകയും വേണമായിരുന്നു. എന്നിട്ടും, എല്ലാം ചെയ്തതിനുശേഷവും വെറുപ്പ് വർദ്ധിക്കുകയാണെങ്കിൽ അന്തിമതീരുമാനമെന്തെങ്കിലും എടുക്കാവുന്നതാണ്. അതിനു മുമ്പെ ഇടയിൽ മൂന്നാമതൊരാളെ നിശ്ചയിക്കുകയും ബന്ധുക്കളെക്കൊണ്ട് സംസാരിപ്പിക്കുകയും ചിന്തിക്കുകയും ആലോചിക്കുകയും വേണ്ടതാണ്. രണ്ട് കക്ഷിക്കാർക്കും വിവിധ തരത്തിലുള്ള കല്പനകളാണുള്ളത്. വിവാഹം കഴിഞ്ഞു. പക്ഷേ, ഭർത്താവിനോടൊത്ത് കഴിയാൻ ആഗ്രഹിക്കുന്നില്ലെന്ന് പെൺകുട്ടികളിൽനിന്ന് ആവശ്യമുയരുന്നു എന്നതാണ് വേദനാജനകമായ കാര്യം. അന്വേഷിക്കുമ്പോൾ ആൺകുട്ടിയോ പെൺകുട്ടിയോ മാതാപിതാക്കളുടെ സമ്മർദ്ദത്തിന് വഴിങ്ങിയാണ് വിവാഹം നടത്തിയതെന്ന് മനസ്സിലാവുന്നു. അവർ വേറെ എവിടെയോ വിവാഹം കഴിക്കാൻ ആഗ്രഹിച്ചതാണ്. അപ്പോൾ മാതാപിതാക്കളും ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതുണ്ട്. നിങ്ങളിങ്ങനെ രണ്ട് ജീവിതത്തെ ഒരിക്കലും നശിപ്പിക്കരുത്. എന്നാൽ, പാക്കിസ്ഥാനിൽനിന്നും ഇന്ത്യയിൽനിന്നും വിവാഹം കഴിച്ച് ഈ രാജ്യങ്ങളിൽ വന്നിട്ടുള്ള ആൺകുട്ടികളുണ്ട്. അവരിൽ ചിലർ ഇവിടെ വന്നതിനുശേഷം തങ്ങളുടെ കടലാസുകളെല്ലാം ശരിയായിക്കഴിഞ്ഞാൽ തന്റെ ഭാര്യയെ ഒഴിവാക്കാനുള്ള തന്ത്രങ്ങൾ തിരഞ്ഞ് നടക്കുന്നു. അവരുടെമേൽ അക്രമങ്ങൾ ചെയ്യുന്നു. അല്ലാഹു പറയുന്നു: ***വ ആശിറൂഹുന്ന ബിൽമഅ്റൂഫി ഫഇൻ കരിഹത്തുമൂഹുന്ന ഫഅസാ അൻതക്റഹൂ ശയ്അൻവ്വ യജ്അലല്ലാഹു ഫീഹി ഖയ്റൻഖഥീറാ*** നിങ്ങൾ അവരോടൊത്ത് നല്ല നിലയിൽ ജീവിക്കുക. ഇനി അവരെ വെറുക്കുന്നുവെങ്കിൽ നിങ്ങളൊരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മ വെച്ചിരിക്കുകയും ചെയ്തു എന്നു വരാം. (4:20)

വിവാഹം നടന്നുകഴിഞ്ഞാൽ മാന്യത നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് പരസ്പരം സഹനം പാലിക്കുകയും നല്ല നിലയിൽ പെരുമാറുകയും മനസ്സിലാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു: തന്റെ കാര്യങ്ങൾ അനുസരിച്ചുകൊണ്ട് പരസ്പരം നല്ലനിലയിൽ പെരുമാറുകയാണെങ്കിൽ ബാഹ്യമായിട്ട് അനിഷ്ടകരമായി തോന്നുന്നത് ഇഷ്ടകരമായി മാറിയേക്കാം. ആ ബന്ധത്തിലൂടെ നിങ്ങൾക്ക് കൂടുതൽ നന്മയും ക്ഷേമവും പ്രാപിക്കാനും സാധിച്ചേക്കാം. കാരണം നിങ്ങൾക്ക് മറഞ്ഞ കാര്യങ്ങൾ അറിയുകയില്ല. എന്നാൽ അല്ലാഹു മറഞ്ഞകാര്യങ്ങൾ അറിയുന്നവനാണ്. അവൻ എല്ലാ ശക്തിപ്രഭാവങ്ങളുടേയും ഉടമസ്ഥനാണ്. അവൻ നിങ്ങൾക്കായി ഐശ്വര്യവും നന്മയും അതിൽ സൃഷ്ടിക്കുന്നതാണ്.

ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: ഒരിക്കലെനിക്ക് ഒരാൺകുട്ടിയെക്കുറിച്ച്, അവൻ തന്റെ ഭാര്യയോട് നല്ലരീതിയിലല്ല പെരുമാറുന്നതെന്ന്

അറിയാൻ കഴിഞ്ഞു. എന്നല്ല വളരെ മോശമായിട്ടാണ് പെരുമാറുന്നത്. ഒരു ദിവസം അവനെ വഴിയിൽവെച്ച് ഞാൻ കണ്ടു. ഞാൻ അവന് ഈ ഖുർആനിക വചനത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. അങ്ങനെ അവൻ അവിടെ നിന്ന് നേരെ തന്റെ വീട്ടിലേക്ക് പോയി. തന്റെ ഭാര്യയോട് പറഞ്ഞു: ഞാൻ ഒരു ശത്രുവിനോടെന്നപോലെയാണ് നിന്നോട് ഇതുവരെ പെരുമാറിയിരുന്നതെന്ന് നിനക്കറിയാം. എന്നാൽ, ഇന്ന് ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) എന്റെ കണ്ണുകൾ തുറന്നിരിക്കുകയാണ്. ഞാൻ ഇനി മുതൽ നിന്നോട് നല്ലനിലയിൽ പെരുമാറുന്നതാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു. അതിനു ശേഷം അല്ലാഹു അവന് ധാരാളം പാരിതോഷികങ്ങൾ നൽകി അനുഗ്രഹിച്ചു. അവന് സുന്ദരന്മാരായ നാല് ആൺകുട്ടികളേയും നൽകി. അവർ സന്തോഷത്തോടെ ജീവിച്ചു.

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പരിശ്രമിച്ചുകൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചാൽ അവൻ ഈ പാരിതോഷികങ്ങൾ നൽകുന്നതാണ്. പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഇവിടെ വന്ന് കുറച്ചു ദിവസങ്ങൾ കഴിഞ്ഞാൽ ഇഷ്ടമല്ലെന്ന് പറഞ്ഞ് തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ തങ്ങളുടെ മാതാപിതാക്കൾ പറഞ്ഞതനുസരിച്ച് പാക്കിസ്ഥാനിൽനിന്ന് വിവാഹം കഴിച്ച് പെൺകുട്ടികളെ ഇവിടെ കൊണ്ടുവരികയോ ചെയ്തിട്ട് ഇഷ്ടമല്ലെന്ന് പറയുന്ന ആൺകുട്ടികളെക്കുറിച്ച്- മാതാപിതാക്കളുടെ നിർബ്ബന്ധത്തിന് വഴങ്ങിയാണ് താൻ വിവാഹം കഴിച്ചതെന്ന് പറയുന്ന ആൺകുട്ടികളെക്കുറിച്ച് അവിടത്തന്നെ പരിശോധിക്കേണ്ടതാണ്. ഈ ആൺകുട്ടികൾ കാരണത്താൽ ഇവിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഞാൻ പറഞ്ഞതുപോലെ ഇത്തരക്കാർ രണ്ട് വിധത്തിലുള്ളവരാണ്. ഒന്ന്, ഇവിടെ താമസിക്കുന്നവർ വിവാഹം ചെയ്ത് പെൺകുട്ടികളെ ഇങ്ങോട്ട് കൊണ്ടുവരുന്നു. ഇക്കൂട്ടർ ചിന്തിക്കുന്നത് ചേർന്നുപോകുമോ എന്ന് കുറച്ചു ദിവസം ജീവിച്ചുനോക്കാമെന്നാണ്. കാരണം ഇവിടെത്തെ ചുറ്റുപാട് അങ്ങനെയായിക്കഴിഞ്ഞിരിക്കുകയാണ്. ചേരുന്നില്ലെങ്കിൽ വീട്ടിൽനിന്ന് അടിച്ചുപുറത്താക്കുന്നു. ഇത്തരക്കാർ നിക്കാഹ് ചെയ്തതിനു ശേഷം ഇവിടെ വന്നാൽ പെട്ടെന്ന് നിക്കാഹ് രജിസ്റ്റർ ചെയ്യുകയില്ല. പെൺകുട്ടിക്ക് നിയമപരമായി എന്തെങ്കിലും സുരക്ഷ ലഭിച്ചുപോകുമോയെന്ന ഭയമാണ് രജിസ്റ്റർ ചെയ്യാത്തത്. ഇവിടെ താമസിച്ച് തങ്ങൾക്കെതിരിൽ നിയമപരമായ എന്തെങ്കിലും നടപടി എടുക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അത്തരം കാര്യങ്ങളിൽ മാതാപിതാക്കൾ തുല്യ കുറ്റക്കാരാണ്.

എന്തായാലും ജമാഅത്ത് അത്തരം പെൺകുട്ടികളെ രക്ഷിക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ ഇക്കൂട്ടരുടെ പ്രവർത്തനം പിന്നീട് തെളിയിക്കുന്നത് ഇവർ ജമാഅത്തിൽ ഇരിക്കാൻത്തന്നെ അർഹരല്ലന്നാണ്. രണ്ടാമത്തെ തരത്തിലുള്ള ആൺകുട്ടികൾ ഇവിടെത്തെ പെൺകുട്ടികളെ വെളിയിൽനിന്ന് വന്ന് വിവാഹം കഴിക്കുന്നവരാണ്. എത്രയും വേഗം നിക്കാഹ് രജിസ്റ്റർ ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. രജിസ്റ്ററായിക്കഴിഞ്ഞാൽ വിസ തുടങ്ങിയവ ലഭിച്ചുകഴിഞ്ഞാൽ ആ പെൺകുട്ടിയിൽ ദോഷങ്ങൾ കാണാൻ തുടങ്ങുന്നു. പിന്നീട് വേർപിരിയൽ. സ്വന്തം ഇഷ്ടപ്രകാരം വേറെ വിവാഹം. ഈ രണ്ട് തരം ആൺകുട്ടികളും തഖ്‌വയിൽനിന്ന് അകന്ന് കിടക്കുന്നവരാണ്. നിങ്ങൾ സ്വന്തം ജീവനോട് അക്രമം ചെയ്യാതിരിക്കുക. ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിക്കാതിരിക്കുക. തഖ്‌വയിൽ നിലനില്ക്കുക. അതിൽ പദമൂന്നുക. അത്തരം അക്രമം പ്രവർത്തിക്കുന്നവർ തങ്ങളുടെമേലും ഉന്നതമായൊരു ശക്തനുണ്ടെന്ന് ഓർമ്മിക്കേണ്ടതാണെന്ന് അല്ലാഹു പറയുന്നു. അവൻ അതിശക്തനാണ്.

കുടുംബം തകരുന്ന മറ്റൊരു രോഗം- അത് മുഖേന വീട്ടിലെപ്പോഴും അസമാധാനവും അശാന്തിയും നിലനില്ക്കുന്നു- ആൺകുട്ടികൾക്ക് കഴിവുണ്ടായിട്ടും അനുവദനീയമായ കാരണമുണ്ടായിട്ടും വിവാഹത്തിനുശേഷവും മാതാപിതാക്കളും സഹോദരീസഹോദരന്മാരുമൊത്ത് കുടുംബ വീട്ടിൽ തന്നെ താമസിച്ചു വരുന്നുവെന്നതാണ്. മാതാപിതാക്കൾ വൃദ്ധരും അവരെ സേവിക്കാൻ ആരുമില്ലാത്തവരും അവർക്ക് സ്വയം ഒന്നും ചെയ്യാൻ കഴിയാത്തവരും സഹായികളാരുമില്ലാത്തവരുമാണെങ്കിൽ അവരെ കൂടെനിർത്തേണ്ടത് നിർബന്ധ കടമയാണ്. അവരെ സംരക്ഷിക്കേണ്ടതാണ്. പക്ഷേ, കൂടെ സഹോദരന്മാരും സഹോദരിമാരും താമസിക്കുന്നുണ്ടെങ്കിൽ വേറെ വീടെടുക്കുന്നതിൽ ഒരു കുഴപ്പവുമില്ല. കൂട്ടുകുടുംബം കാരണത്താലും ഒരുപാട് കുടുംബകലഹങ്ങളുണ്ടാകുന്നു. ഒന്നിച്ച് താമസിച്ച് കൂടു

തൽ പാപത്തിൽ വീഴുന്നത് നന്മയൊന്നുമല്ല.

കഴിഞ്ഞദിവസം ഒരു സംഭവമുണ്ടായി. വളരെ ദുഃഖകരമായ സംഭവമായിരുന്നു അത്. ഏതോ രാജ്യത്ത്. ജമാഅത്തിന്റെ ഉള്ളിൽതന്നെ. ഇപ്രകാരം സഹോദരന്മാരും സഹോദരിമാരും ഒന്നിച്ച് ഒരു വീട്ടിൽ താമസിച്ചുവരികയായിരുന്നു. അതായത് ജോയിന്റ് ഫാമിലി. ഈരണ്ട് മുറികൾ വീതം ഓരോരുത്തരും കൈവശം വെച്ചിരുന്നു. കുട്ടികൾ കാരണത്താൽ വഴക്കുകൾ തുടങ്ങി. വൈകുന്നേരം ഒരാളുടെ ഭർത്താവ് വീട്ടിൽ വന്നപ്പോൾ നിങ്ങളുടെ സഹോദരനും ഭാര്യയും ഇങ്ങനെ ഇങ്ങനെ സംസാരിച്ചുവെന്ന് ഭാര്യ പറഞ്ഞു. അയാൾ മുമ്പും പിമ്പും നോക്കാതെ തോക്കെടുത്ത് തന്റെ മൂന്ന് സഹോദരന്മാരേയും വധിച്ചു. പിന്നീട് സ്വയം ആത്മഹത്യ ചെയ്തു. അങ്ങനെ നാല് ജനാസ ഒരേവീട്ടിൽ ഒരേസമയത്ത്.

സ്നേഹത്തോടും സന്തോഷത്തോടുംകൂടി ഒന്നിച്ച് താമസിക്കുന്നു എന്ന് പറയുകയും എന്നാൽ, വെറുപ്പ് വർദ്ധിക്കുകയുമാണെങ്കിൽ ഒന്നിച്ച് താമസിച്ചേപറ്റൂ എന്ന കല്പനയൊന്നുമില്ല. അതിനേക്കാൾ നല്ലത് വേറെ വേറെ താമസിക്കുന്നതാണ്. വികാരത്തിന് അടിപ്പെട്ട് തീരുമാനമെടുക്കുന്നതിന് പകരം ബുദ്ധിപൂർവ്വം തീരുമാനമെടുക്കേണ്ടതാണ്

لَيْسَ عَلَى الْأَعْمٰى حَرَجٌ وَّلَا عَلَى الْأَعْرَجِ حَرَجٌ وَّلَا
عَلَى الْمَرِيْضِ حَرَجٌ وَّلَا عَلٰٓى اَنْفُسِكُمْ اَنْ تَاْكُلُوْا مِنْۢ
بُيُوْتِكُمْ اَوْ بُيُوْتِ اٰبَآئِكُمْ اَوْ بُيُوْتِ اُمَّهٰتِكُمْ اَوْ
بُيُوْتِ اِخْوَانِكُمْ اَوْ بُيُوْتِ اَخَوٰتِكُمْ اَوْ بُيُوْتِ اَعْمَامِكُمْ

അന്ധനും മുടന്തനും രോഗിക്കും നിങ്ങൾക്കുതന്നെയും നിങ്ങളുടെ വീടുകളിൽനിന്നോ നിങ്ങളുടെ പിതാക്കളുടെ വീടുകളിൽ നിന്നോ നിങ്ങളുടെ മാതാക്കളുടെ വീടുകളിൽ നിന്നോ നിങ്ങളുടെ സഹോദരങ്ങളുടെ വീടുകളിൽനിന്നോ ........... ഭക്ഷണം കഴിക്കുന്നത് കുറ്റകരമല്ലാ എന്ന വചനത്തിന് വ്യാഖ്യാനം നൽകിക്കൊണ്ട് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു. ഇന്ത്യയിൽ അധിക സ്ഥലങ്ങളിലും തങ്ങളുടെ വീടുകളിൽ പ്രത്യേകിച്ചും മരുമകളും അമ്മായിയമ്മയും തമ്മിൽ വഴക്കുണ്ടാകുന്നു എന്ന പരാതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിശുദ്ധഖുർആൻ അനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ അങ്ങനെയുണ്ടാകുകയില്ല. മേൽആയത്തിൽ പറഞ്ഞിരിക്കുന്നത് വീട് വേറെ വേറെ ആയിരിക്കണമെന്നാണ്. ഉമ്മായുടെ വീട് വേറെ. വിവാഹിതനായ മകന്റെ വീട് വേറെ. അപ്പോഴല്ലേ ഒരാൾക്ക് മറ്റൊരാളുടെ വീട്ടിൽപോയി ഭക്ഷണം കഴിക്കാൻ പറ്റുകയുള്ളൂ.

നോക്കുക, മാതാപിതാക്കളിൽനിന്ന് മാറിത്താമസിച്ചാൽ വലിയ പാപത്തിന് ഇരയാകുമെന്ന ജനങ്ങളുടെ വിചാരം ശരിയല്ല. ചില മാതാപിതാക്കളും ഇത് പറഞ്ഞ് കുട്ടികളെ ഭയപ്പെടുത്താറുണ്ട്. എന്നല്ല അവരെ ബ്ലാക്ക്മെയിൽ ചെയ്യുന്നു. വീട് മാറിയാലുടൻ നരകം തീരുമാനിക്കപ്പെട്ടു എന്നാണ് പറയുന്നത്. ഇത് അങ്ങേയറ്റം തെറ്റായ ചിന്താഗതിയാണ്. ഞാൻ പലപ്രാവശ്യവും ചില പെൺകുട്ടികളോട് ഇക്കാര്യത്തെക്കുറിച്ച് ചോദിച്ചിട്ടുണ്ട്. അമ്മായിഅച്ഛന്റേയും അമ്മായിഅമ്മയുടെയും മുമ്പിൽ തങ്ങൾ തങ്ങളുടെ ഇഷ്ടത്തിനാണ് അവരോടൊപ്പം താമസിക്കുന്നതെന്ന് പറയും. എന്നല്ല അവരുടെ കുട്ടികളും അത് പറയും. എന്നാൽ, മാറ്റിനിർത്തി ചോദിച്ചാൽ രണ്ടുപേരും പറയുന്നത് അവിടെ താമസിക്കാൻ തങ്ങൾ നിർബന്ധിതരാണെന്നായിരിക്കും. ഇതിന്റെ ഫലമായി മരുമകൾ അമ്മായിയമ്മയുടെ മേൽ അക്രമം ചെയ്യും. ചിലപ്പോൾ അമ്മായിയമ്മ മരുമകളുടെമേലും അക്രമം പ്രവർത്തിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) സ്നേഹം പരത്താനായിട്ടാണ് വന്നിട്ടുള്ളത്. അഹ്മദിയായിക്കൊണ്ട് ആ സ്നേഹത്തെ നാം വിശാലമാക്കണം. അതിനുവേണ്ടി പരിശ്രമിക്കണം. വെറുപ്പുകൾ വ്യാപിക്കാൻ അനുവദിക്കരുത്. കുടുംബത്തിലെ അധികമാളുകളും സ്നേഹത്തോടെ വർത്തിക്കുന്നവരാണ്. പക്ഷേ, താമസിക്കാൻ പറ്റാത്തവർ വികാരത്തിനടിപ്പെട്ട് തീരുമാനമെടുക്കുന്നു. കഴിവും സൗകര്യവുമുണ്ടെങ്കിൽ നിർബ്ബന്ധിതാവസ്ഥയൊന്നുമില്ലെങ്കിൽ വേറെ മാറിത്താമസിക്കുന്നതാണ് ഉത്തമം. ഖലീഫത്തുൽ മസീഹ് വളരെ മനോഹരമായ തത്ത്വമാണ് പറഞ്ഞുതന്നിട്ടുള്ളത്. ഒരുമിച്ച് താമസിക്കണമെന്നത് നിർബ്ബന്ധമാണെങ്കിൽ ഉമ്മയുടേയും മറ്റും വീട് വെവ്വേറെ എടുത്തുപറഞ്ഞതെന്തിനാണ്? അവരെ സേവിക്കാനും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കാനും അവരോട് ഛെ എന്ന് പോലും പറയാതിരിക്കാനുമുള്ള കല്പന പാലിക്കേണ്ടതുതന്നെയാണ്. ഭാര്യ, ഭർത്താവിന്റെ രക്തബന്ധുക്കളെ നോക്കേണ്ടതും അവരോടുള്ള കടമ പാലിക്കേണ്ടതും നിർബന്ധമാണ്, ഭർത്താവ് ഭാര്യയുടെ രക്തബന്ധുക്കളെ

നോക്കേണ്ടതും അവരോടുള്ള കടമ പാലിക്കേണ്ടതും നിർബ്ബന്ധമാണ്. ഇതും അടിസ്ഥാനപരമായ കല്പനയാണ്.

പരസ്പരം സഹായിക്കുകയും അക്രമം അവസാനിപ്പിക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ കാര്യം. അക്രമത്തിന്നെതിരിൽ പൊരുതേണ്ടതാണ്; അത് എവിടെനിന്നുണ്ടായാലും ശരി. ഞാൻ പറഞ്ഞതുപോലെ ചില പുരുഷന്മാർ മോശമായ ആരോപണമുന്നയിച്ച് ഭാര്യമാർക്ക് ചീത്തപ്പേരുണ്ടാക്കുന്നു. ചിലപ്പോൾ ഭാര്യമാരും അങ്ങനെ ചെയ്യാറുണ്ട്. എന്നാൽ പുരുഷന്മാരുടെ കയ്യിൽ മാർഗ്ഗങ്ങളും ശക്തിയും അധികമുള്ളതുകൊണ്ടും ബന്ധങ്ങൾ കൂടുതലുള്ളതുകൊണ്ടും അതിൽനിന്ന് അവർ കൂടുതൽ ഫലമെടുക്കുന്നു. ഓർമ്മിക്കുക. ആരാണോ ഇങ്ങനെ ഫലമെടുക്കുന്നത് ഇവർ തങ്ങൾക്കായി ആളിക്കത്തുന്ന തീ ഒരുക്കുകയാണ് ചെയ്യുന്നത്.

അല്ലാഹുവിനെ ഭയപ്പെടുക. ഈ ദോഷകാര്യങ്ങളെല്ലാം ഉപേക്ഷിക്കുക. ചിലയാളുകൾ ഈ അക്രമത്തിൽ അങ്ങേയറ്റത്തെത്തിയിട്ടും അഹ്മദി എന്നാണ് പറയുന്നത്. ഉമ്മയുടെ കയ്യിൽനിന്ന് കുട്ടികളെ എടുത്തുകൊണ്ട് പോകുന്നു. ഉമ്മ നിലവിളിക്കുന്നു. മുറവിളി കൂട്ടുന്നു. ബന്ധുക്കളെല്ലാം അയാളെ സഹായിക്കുന്നു. അയാൾക്കും അയാളെ സഹായിക്കുന്നവർക്കുമെതിരിൽ നടപടിയെടുക്കാൻ ശിപാർശ ചെയ്തുകൊണ്ട് ജമാഅത്ത് എത്രയും വേഗം കേന്ദ്രത്തിലേക്ക് എഴുതേണ്ടതാണ്. കുട്ടികളിൽനിന്ന് മാതാവിനെ ഒറ്റപ്പെടുത്തുന്നു. അവരുടെ മേൽ തെറ്റായ ആക്ഷേപമുന്നയിച്ച്– വാസ്തവത്തിൽ ഖുർആൻ പറയുന്നത് സ്വന്തം നേട്ടത്തിനായി തെറ്റായ ആക്ഷേപം ഉന്നയിക്കരുതെന്നാണ്– കുട്ടികളുടെ ചെവികളിൽ വിഷം നിറയ്ക്കുന്നു. എത്രത്തോളമെന്നാൽ കുട്ടികൾ കോടതിയിൽ ഉമ്മായ്ക്കെതിരെ അങ്ങേയറ്റം തരംതാണ, നിന്ദ്യയാക്കുന്ന നിലയിലുള്ള സാക്ഷി പറയുന്നു. ബാപ്പയും ബന്ധുക്കളും അതിൽ സന്തോഷിക്കുന്നു. സബാഷ്, ഇന്ന് നീ ഉമ്മയ്ക്കെതിരെ നല്ലവണ്ണം പറഞ്ഞു എന്നു പറഞ്ഞ് അവനെ പ്രോത്സാഹിപ്പിക്കുന്നു. ഖുർആനിക അദ്ധ്യാപനം എന്താണെന്നും അത്തരക്കാരുടെ പ്രവൃത്തി എന്താണെന്നും നോക്കുക. ചിലപ്പോൾ ചില ഭാരവാഹികളും അത്തരം പുരുഷന്മാരെ സഹായിക്കുന്നു എന്നതാണ് ദുഃഖകരമായ കാര്യം. ഒരിടത്തുനിന്നും തഖ്‌വയോടുകൂടിയുള്ള പ്രവൃത്തി ഉണ്ടാകുന്നില്ല. ഈ ആക്ഷേപശരങ്ങളും കുട്ടികളുടെ സാക്ഷ്യവും കുട്ടിയുടെ മുന്നിൽ ഉമ്മയെക്കുറിച്ചുള്ള പരാതികളും അങ്ങേയറ്റം മോശമാണ്. അതുമുഖേന കുട്ടികളുടെ സ്വഭാവത്തെയാണ് നശിപ്പിക്കുന്നത്. തൻപ്രമാണിത്തം കൊണ്ട് അവരെ തീയിൽ തള്ളിവിടുകയാണ് അത്തരം പുരുഷന്മാർ ചെയ്യുന്നത്. ചില പുരുഷന്മാരുടെ ദീനീപരമായ ആത്മീയാഭിമാനവും ഇപ്രകാരം മരിച്ചുപോകുന്നു. ഈ തെറ്റായ പ്രവൃത്തി കാരണത്താൽ അവർക്കെതിരിൽ നടപടിയുണ്ടാകുകയും ജമാഅത്തിന്റെ വ്യവസ്ഥിതിയിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്താലും അവർക്കതൊരു പ്രശ്നമാവില്ല. എന്നല്ല, തങ്ങളുടെ അഹങ്കാരം നിലനിർത്താൻ ദീനിനെ അവർ ഉപേക്ഷിച്ചുകളയുന്നു.

ഇവിടെ ഞാൻ ഇതും കൂടെ പറയട്ടെ. മാതാപിതാക്കളെ പുറത്താക്കുമ്പോൾ, അവരുടെ കുട്ടി വഖ്ഫെ നൗ അംഗമാണെങ്കിൽ ആ വഖ്ഫും അതോടെ അവസാനിക്കുന്നു. അതുകൊണ്ട് ജമാഅത്ത് ഇക്കാര്യവും നേരിട്ട് പരിശോധിക്കേണ്ടതാണ്. പാക്കിസ്ഥാനിൽ ഇക്കാര്യത്തിൽ മുടങ്ങാതെ കൃത്യമായി രേഖകൾ സൂക്ഷിക്കാറുണ്ട്. മറ്റു സ്ഥലങ്ങളിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടത് ജമാഅത്തിന്റെ ജോലിയാണ്. പിന്നീട് മാപ്പ് കിട്ടിക്കഴിഞ്ഞാൽ, ഓരോരുത്തരുടേയും വ്യക്തിഗതമായ കാര്യം, പ്രത്യേകം പ്രത്യേകം ഓരോ കുട്ടിയുടേയും കാര്യം ഖലീഫത്തുൽ മസീഹിന്റെ മുന്നിൽ സമർപ്പിക്കുന്നു. വഖ്ഫ് നിലനിറുത്തണോ വേണ്ടയോ എന്ന് അപ്പോഴാണ് തീരുമാനിക്കുക. അതുകൊണ്ട് രേഖകൾ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

എന്തായാലും ഞാൻ പറഞ്ഞുവന്ന യഥാർത്ഥ കാര്യം അക്രമം അവസാനിപ്പിക്കുകയും നീതി നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാണ്. ഖിലാഫത്തിന്റെ നിർബന്ധകാര്യങ്ങളിൽ നീതിപാലിക്കുക, നീതി നിലനാട്ടുക എന്നത് വലിയൊരു ഫർളാണ്. അതുകൊണ്ട് ജമാഅത്തിന്റെ ഭാരവാഹികളും ഈ ഉത്തരവാദിത്തം മനസ്സിലാക്കുക. ഏതൊരു ജമാഅത്ത് വ്യവസ്ഥിതിക്കുവേണ്ടിയാണോ അവർ പ്രവർത്തിക്കുന്നത്, കാലത്തിന്റെ ഖലീഫയുടെ പ്രതിനിധിയായിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് നീതിയുടെ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കേണ്ടത് അവരുടെ ഒന്നാമത്തെ നിർബന്ധകടമയാണ്. ഇത് വളരെ വലിയ ഉത്തരവാദിത്തമാണ്. അല്ലാഹുവിന്റെ സാന്നിധ്യം അറിഞ്ഞ് ഈ ഉത്തര

വാദിത്തം ഓരോരുത്തരും നിർവഹിക്കേണ്ടതാണ്.

തീരുമാനമെടുക്കുമ്പോൾ, കാലത്തിന്റെ ഖലീഫയ്ക്ക് ശിപാർശ ചെയ്തയക്കുമ്പോൾ എല്ലാത്തരം ബന്ധങ്ങൾക്കുമതീതമായി ശിപാർശ ചെയ്യേണ്ടതാണ്. ആരുടെയെങ്കിലും പ്രവൃത്തിയിൽ പെട്ടെന്ന് ദേഷ്യമുണ്ടായാൽ, രണ്ട് ദിവസം കഴിഞ്ഞ് ശിപാർശ ചെയ്യേണ്ടതാണ്; ഒരുതരത്തിലുള്ള പക്ഷപാതിത്തവും ഇല്ലാതിരിക്കാൻ. കക്ഷികളും ഇക്കാര്യം ഓർമ്മിക്കേണ്ടതാണ്. ചിലപ്പോൾ തങ്ങളുടെ അവകാശം പിടിച്ചെടുക്കാൻ വേണ്ടി തെറ്റായ വിവരണം നല്കാറുണ്ട്. അല്ലെങ്കിൽ, അനുവദനീയമല്ലാത്തത് ചോദിക്കുന്നു.

ഞാൻ മുമ്പേ പറഞ്ഞതുപോലെ, നിക്കാഹിന്റെ നേരത്ത് പാരായണം ചെയ്യുന്ന ഖുർആനിക വചനങ്ങളെ മുന്നിൽകണ്ട്, തഖ്‌വയോടും, ഖൗലെ സദീദ് (ചൊവ്വായ സംസാരം) ദോടുംകൂടി പ്രവർത്തിക്കുക. എന്നാൽ, ഇത്തരം ബുദ്ധിമുട്ടുകൾ ഒന്നും ഒരിക്കലും ഉണ്ടാകുകയില്ല. നിങ്ങൾ നേടിയെടുക്കുന്ന അനർഹമായ അവകാശം കളവാണ്. അന്യായമായി എന്നെക്കൊണ്ട് തങ്ങൾക്കനുകൂലമായി വിധി പറയിപ്പിക്കുന്നവൻ തന്റെ വയറ്റിൽ തീ നിറയ്ക്കുകയാണെന്ന് നബി(സ) പറയുകയുണ്ടായി. കളവിനോടൊപ്പം ശിർക്കിനും ഇരയാകുന്നു. തഖ്‌വയിൽ നിന്നകലുമ്പോൾ, തീർച്ചയായും ശിർക്കിന്റെ മടിത്തട്ടിൽ ചെന്നുവീഴും.

ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അല്ലാഹുവിനോട് അവന്റെ മഗ്ഫിറത്തും കരുണയും തേടുക. അല്ലാഹുവിനോടുള്ള ഭയം അപ്പോൾ മുന്നിൽ വയ്ക്കുക. ഞാൻ പറഞ്ഞതുപോലെ, കുട്ടികളെ വിദേശത്ത് അയക്കുകയും, എന്നിട്ട് അവിടെ ഇത്തരം പ്രവൃത്തികൾ ചെയ്യുകയും അല്ലെങ്കിൽ കുട്ടികളെ ഉമ്മയിൽനിന്നും തട്ടിയെടുക്കുകയും ചെയ്യുന്നവരോട് ഉമ്മയെ അവരുടെ കുട്ടി കാരണത്താൽ ദുഃഖിപ്പിക്കരുതെന്ന് അല്ലാഹു പറയുന്നു. നിങ്ങൾ തഖ്‌വയോടുകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ, പരസ്പരമുള്ള കടമ നിറവേറ്റുന്നില്ലെങ്കിൽ, അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണെന്ന കാര്യം നിങ്ങൾ ഓർമ്മിച്ചുകൊള്ളുക എന്ന് അവൻ പറയുന്നു. അവൻ അറിയുന്നുണ്ട്. കാണുന്നുമുണ്ട്. അല്ലാഹു ഈ അക്രമികളെ വെറുതെ വിടുകയില്ല.

അല്ലാഹുവിനെ ഭയപ്പെടുക. എപ്രകാരം നിങ്ങളിൽ നിങ്ങളുടെ ഉമ്മായ്ക്ക് അവകാശമുണ്ടോ അപ്രകാരം നിങ്ങളുടെ മക്കളിൽ അവരുടെ ഉമ്മായ്ക്കും അവകാശമുണ്ട്. പൊതുവെ പിതാക്കന്മാരിൽ നിന്നാണ് അക്രമം കൂടുതൽ ഉണ്ടാകുന്നത്. എന്റെ പരിശോധന തെളിയിക്കുന്നതും അതാണ്. അതുകൊണ്ട് ഞാൻ പുരുഷന്മാരോട് പറയുകയാണ്, നിങ്ങളുടെ ഭാര്യമാരുടെ കാര്യങ്ങൾ ശ്രദ്ധിക്കുക, അവരുടെ അവകാശങ്ങൾ അവർക്ക് നൽകുക, നിങ്ങൾ നന്മയിലും തഖ്‌വയിലും പദമൂന്നുന്നവരാണെങ്കിൽ ഇൻശാഅല്ലാഹ്- പൊതുവെ ഭാര്യമാർ പിന്നീട് നിങ്ങളെ അനുസരിക്കുന്നവരായിരിക്കും. നിങ്ങളുടെ വീട് തകരുന്നതിനു പകരം നിലനില്ക്കുന്ന വീടായിത്തീരും. അത് പരിസരവാസികൾക്കും അതിന്റെ മനോഹരമായ കാഴ്ച കാണിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു സ്വഹാബിയെ ഉപദേശിച്ചുകൊണ്ടെഴുതിയ കത്തിൽ പറയുന്നു.

“എനിക്ക് വിഷമം ഉണ്ടാക്കിയ കാര്യമിതാണ്. താങ്കളുടെ സത്യസന്ധരായ സുഹൃത്തുക്കളിൽനിന്ന്- അവർ സത്യസന്ധമായി താങ്കളുമായി ബന്ധംവയ്ക്കുന്നവരും ആത്മാർത്ഥത കാണിക്കുകയും സദുദ്ദേശ്യം വെച്ചുപുലർത്തുന്നവരുമാണ്- കുടുംബപരമായ കാര്യങ്ങളിൽ ഭാര്യയോടും വീട്ടുകാരോടും പെരുമാറേണ്ടുന്നരീതിയിൽ പെരുമാറാതെ താങ്കൾ കാഠിന്യം പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ കേട്ടു. അതായത്, ദേഷ്യത്തിലും കോപത്തിലും മിതത്വം പാലിക്കുന്നില്ല. ഈ പരാതി അത്ഭുതദൃഷ്ടിയോടെ ഞാൻ കണ്ടില്ല. കാരണം, വിവരിക്കുന്നവരെല്ലാം താങ്കളുടെ സൽസ്വഭാവത്തെക്കുറിച്ച് പറയുന്നവരും താങ്കളെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരുമാണ്. രണ്ടാമത്തേത് പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ ഒരു മേന്മ അല്ലാഹു നല്കീട്ടുണ്ട്. അതുംവെച്ച് ചെറിയ ചെറിയ കാര്യങ്ങളിൽ ശിക്ഷ കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെയും അഭിമാനത്തിന്റെ തേട്ടം കൊണ്ടും തങ്ങളുടെ ഭരണം നടത്താൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹുവും റസൂലും(സ) ഭാര്യമാരോട് കുടുംബജീവിതത്തിൽ സൗമ്യതയോടെ പ്രവർത്തിക്കാൻ താക്കീത് ചെയ്തുപറഞ്ഞിരിക്കുന്നു. അതുകൊണ്ട്, താങ്കളെപ്പോലെയുള്ള മാന്യനും ഭാഗ്യവാനുമായ ആളെ ഈ താക്കീതിനെക്കുറിച്ച് അറിയിക്കാൻ ഞാൻ ആഗ്രഹിച്ചു. പ്രതാപവാനായ അല്ലാഹു പറയുന്നു: ***ആശിറുഹുന്ന ബിൽ മഅ്റൂഫി***

അതായത്, നിങ്ങൾ നിങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ പെരുമാറുക. അതിൽ സൽസ്വഭാവത്തിന് വിരുദ്ധമായിട്ടുള്ളതൊന്നും ഉണ്ടാകരുത്. ഒരു മൃഗീയാവസ്ഥയും ഉണ്ടാകരുത്. എന്നല്ല, അവരെ നിങ്ങളുടെ സത്രത്തിലെ ആത്മാർത്ഥ കൂട്ടുകാരിയായി മനസ്സിലാക്കുക. ഔദാര്യത്തോടെ പെരുമാറുക. റസൂലുല്ലാഹി(സ) പറയുന്നു: ***ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹീ*** അതായത് നിങ്ങളിൽ ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ പെരുമാറുന്നവനാണ്. നല്ല കുടുംബജീവിതം നയിക്കാൻ, വളരെയധികം കല്പനകളുണ്ട്. അതെല്ലാം ഈ കത്തിൽ എഴുതാൻ സാധിക്കുകയില്ല. എന്റെ പ്രിയസുഹൃത്തെ, മനുഷ്യന്റെ ഭാര്യ ഒരു മിസ്ക്കീനും അബലയുമാണ്. അല്ലാഹുവാണ് അവരെ നിങ്ങളെ ഏല്പിച്ചിട്ടുള്ളത്. ഓരോ മനുഷ്യനും അവരോട് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അവൻ നോക്കുന്നു. സൗമ്യമായി പെരുമാറേണ്ടതാണ്. എപ്പോഴും, തന്റെ ഭാര്യ ഒരു പ്രിയങ്കരിയായ അതിഥിയാണെന്ന് കരുതേണ്ടതാണ്. താൻ അതിഥിസൽക്കാരത്തിന്റെ നിബന്ധന പാലിക്കുന്നുണ്ടോ എന്ന് നോക്കാൻ അല്ലാഹു അവളെ തന്നെ ഏല്പിച്ചിരിക്കുകയാണ്. അവൻ അല്ലാഹുവിന്റെ ഒരു ദാസനാണ്. അവളും അല്ലാഹുവിന്റെ ഒരു ദാസിയാണ്. തനിക്ക് ഇവളുടെമേൽ അധികമായിട്ടുള്ളത് എന്താണ്? രക്തദാഹിയായ മനുഷ്യനാകരുത്. ഭാര്യമാരോട് കരുണ കാണിക്കേണ്ടതുണ്ട്. അവരെ ദീൻ പഠിപ്പിക്കേണ്ടതാണ്. മനുഷ്യന്റെ സ്വഭാവങ്ങളുടെ ആദ്യത്തെ പരീക്ഷയുടെ ആദ്യ അവസരം അവന്റെ ഭാര്യയാണെന്നാണ് വാസ്തവത്തിൽ എന്റെ വിശ്വാസം. യാദൃശ്ചികമായി എന്റെ ഭാര്യയോട് എന്തെങ്കിലും അല്പം കാഠിന്യം ഞാൻ കാണിച്ചാൽ എന്റെ ശരീരം വിറയ്ക്കുന്നു. ഒരാളെ അല്ലാഹു നൂറു കണക്കിന് മൈൽ അപ്പുറത്തുനിന്ന് എന്നെ ഏല്പിച്ചു. എന്നിൽനിന്ന് അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തെറ്റായിരിക്കും. അപ്പോൾ നീ നിന്റെ നമസ്കാരത്തിൽ എനിക്കുവേണ്ടി ദുആ ചെയ്യാൻ ഞാൻ അവരോട് പറയുന്നു. ഇക്കാര്യം ദൈവഹിതത്തിന് വിരുദ്ധമാണെങ്കിൽ അല്ലാഹു അത് എനിക്ക് പൊറുത്തുതരട്ടെ. അക്രമപരമായ പ്രവൃത്തികളിൽ അകപ്പെട്ടുപോകുമോ എന്ന് ഞാൻ വളരെ ഭയപ്പെടുന്നു. താങ്കളും അങ്ങനെതന്നെ ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമ്മുടെ സയ്യിദോ മൗലാ റസൂലുല്ലാഹി(സ) എത്രത്തോളം തന്റെ ഭാര്യമാരോട് സൗമ്യമായി പെരുമാറിയിരിക്കുന്നു. കൂടുതൽ എന്തെഴുതാനാണ്.

വസ്സലാം

അല്ലാഹു നമ്മെ അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നടത്തിക്കൊണ്ട് അവന്റെ റസൂലുല്ലാഹി(സ)യും മസീഹ് മൗഊദ്(അ)ഉം നമ്മോടു പറഞ്ഞ ആ മനോഹരമായ കർമ്മങ്ങൾ അനുഷ്ഠിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 10.11.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala